"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.റഫീന.ഇ.ഐ യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.2882/2022/LSGD തീയതി,തിരുവനന്തപുരം, 21-11-2022

---

പരാമർശം:- 1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.05.2022 ലെ DDP-KTM/1351/22/D2/L Dis നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 26.10.2022 ലെ ഇ6-13871/22 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി . റഫീന . ഇ . ഐ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി .

2. ശ്രീമതി . റഫീന . ഇ . ഐ 27.09.2007 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചു . നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം . ഒ . പി പരീക്ഷ വിജയിക്കാത്തതിനാൽ ടിയാൾക്ക് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 27.09.2009 മുതൽ ഒരു വർഷത്തേക്ക് പരാമർശം (1) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു . 31.03.2022 ൽ ടിയാൾ എം . ഒ . പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 01.04.2022 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാളുടെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.04.2022 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത് .

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശ കത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ . കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി . റഫീന . ഇ . ഐ യുടെ പ്രൊബേഷൻ കാലയളവ് ടിയാൾ എം . ഒ . പി പരീക്ഷ വിജയിച്ച 31.03.2022 ന്റെ തൊട്ടടുത്ത ദിവസമായ 01.04.2022 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 27.09.2010 മുതൽ 02.04.2022 AN വരെ കെ . എസ് & എസ് . എസ് . ആർ . ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

സ.ഉ.(സാധാ) നം.2882/2022/LSGD

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 273/ഇപിഎ1/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 22-11-2022 12:48:32
സെക്ഷൻ ഓഫീസർ